# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.2-281 /2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 25/04/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.2-281 /2023 തീയ്യതി: 25/04/2023

## ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2022 മുതൽ 12-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 13-03-2023 | 18-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-03-2023 | 18-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വി.ജി.സജിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. രാജീവ് എം.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി. എം.എസ്. ഷംലത്ത്, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ബെന്നി മാത്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. വിഷ്ണു പി.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അബ്ദുൾഅലി കുന്നൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.കെ.എം.ഉഷ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.എസ് .എൻ .അജിത്ത് | സെക്രട്ടറി | 01-04-2021 | 19-10-2021 |
| ശ്രീ മൊഹ്സിൻ പി.എം. | സെക്രട്ടറി | 20-10-2021 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പ്രശാന്ത് .ബി | കൃഷി ഓഫീസർ | 01-04-2021 | 29-10-2021 |
| ശ്രീ. ഈശ്വര പ്രവീൺ | കൃഷി ഓഫീസർ | 30-10-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഡോ.ശിൽപ.വി.എസ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. ജിബി പോൾ | ഹെഡ്മിസ്ട്രസ് ജി.എൽ.പി.എസ് | 01-04-2021 | 31-03-2022 |
| ഡോ.ഡോൺബോസ്കോ | മെഡിക്കൽ ഓഫീസർ .സി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.അഞ്ജു.സി.പി | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീ.അഭിലാഷ്.പി.ശശി | അസി.എൻജിനിയർ | 01-04-2021 | 31-03-2022 |
| ശ്രീ.ത്യാഗരാജൻ റ്റി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ.ഷാഹുൽ അഹമ്മദ്.എസ് | അസി.സെക്രട്ടറി | 01-04-2021 | 03-07-2021 |
| ശ്രീ. ഷൈജു ജേക്കബ് | അസി. സെക്രട്ടറി | 04-07-2021 | 30-11-2021 |
| ശ്രീ. അബ്ദുൾ വാഹിദ് എസ് | അസി. സെക്രട്ടറി | 01-12-2021 | 31-03-2022 |
| ശ്രീമതി.കൊച്ചുറാണി സി. വി. | ഐ.സ്.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 17-11-2021 |
| ശ്രീമതി സുമി ചെറിയാൻ | ഐ.സ്.ഡി.എസ് സൂപ്പർവൈസർ | 18-11-2021 | 31-03-2022 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ | 1-3-1 |
| 5 | ലാപ്സായ തുകയുടെ വിശദാംശങ്ങൾ | 1-3-2 |
| 6 | പദ്ധതി അവലോകനം | 1-4 |
| 7 | കൃഷി ഓഫീസറുടെ പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല | 1-4-1 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 9 | ക്ഷേമ പദ്ധതികൾ | 1-6 |
| 10 | ക്യാഷ് പരിശോധന | 1-7 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-9 |
| 13 | ബി-4 ഷെഡ്യൂളിൽ 320800199 ഹെഡിലെ നീക്കിയിരിപ്പ് - ക്രമീകരിച്ചിട്ടില്ല | 1-9-1 |
| 14 | SBI-PLAN - 7029, IDCB-PLAN-003 അക്കൗണ്ടുകളിൽ ഗണ്യമായ തുകയുടെ നീക്കിയിരിപ്പ് | 1-9-2 |
| 15 | മറ്റ് അപാകതകൾ | 1-9-3 |
| 16 | ഇ-പേയ്മെന്റിന് വേണ്ടിയുള്ള കറന്റ് അക്കൗണ്ടിൽ വൻ തുക നീക്കിയിരിപ്പ് | 1-10 |
| 17 | ലൈഫ് ഭവന പദ്ധതിയ്ക്കുള്ള സംസ്ഥാന വിഹിതം 2.78 കോടി രൂപ അനധികൃതമായി അക്കൗണ്ടിൽ സൂക്ഷിച്ചു | 1-11 |
| 18 | വിവിധ വരവിനങ്ങളിൽ വൻ കുടിശ്ശിക | 1-12 |
| 19 | വാടക ഇളവ് - അപാകതകൾ | 1-13 |
| 20 | വാടക ഇനത്തിൽ ₹4,94,563/- കുടിശ്ശിക | 1-14 |
| 21 | ലൈസൻസ് കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-15 |
| 22 | ടെണ്ടർ ഫാറ വില്പന - കണക്ക് സൂക്ഷിക്കുന്നില്ല | 1-16 |
| 23 | ഇ-ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നില്ല | 1-17 |
| 24 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - വിതരണ വിവരം ലഭ്യമാക്കിയില്ല | 1-18 |
| 25 | സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിച്ചതിലെ അപാകതകൾ | 1-19 |
| 26 | സാമൂഹ്യ സുരക്ഷാ പെൻഷൻ - സർക്കാർ നിർദ്ദേശം പാലിച്ചതായ വിവരങ്ങളില്ല | 1-19-1 |
| 27 | മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നിലവിലും പെൻഷൻ നിക്ഷേപിക്കുന്നു | 1-19-2 |
| 28 | അംഗൻവാടി പോഷകാഹാരം - സ്പിൽ ഓവർ പ്രോജക്ട് രൂപീകരിക്കാതെ കുടിശ്ശിക അനുവദിച്ചു | 1-20 |
| 29 | ടേക്ക്-എ-ബ്രേക്ക് പൂർത്തീകരണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-21 |
| 30 | ടാറിങ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി വീപ്പകളുടെ വില കുറവ് ചെയ്തില്ല | 1-22 |
| 31 | ലൈഫ് ഭവന പദ്ധതി - പരിധി അതിലംഘിച്ച് സബ്സിഡി നൽകി | 1-23 |
| 32 | ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച ആധികാരിക രേഖകൾ ലഭ്യമാക്കിയില്ല | 1-24 |
| 33 | മാലിന്യ പരിപാലന പ്രവർത്തനങ്ങൾ - പ്രാഥമിക രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-25 |
| 34 | അസി. എൻജിനീയറുടെ ആവശ്യത്തിന് വാഹനം വാടകയ്ക്ക് എടുക്കൽ - വാടകയിൽ നിന്നും ആദായ നികുതി കുറവ് വരുത്തിയില്ല | 1-26 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ധനസഹായം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച തീരുമാനം, തീയതി | 2(1)/03.02.2021 | 2(1)/04.03.2022 |
| പഞ്ചായത്ത് ജനറൽ കമ്മിറ്റി അംഗീകരിച്ച തീരുമാനം, തീയതി | 1/12.02.2021 | 1(1)/30.03.2022 |
| മുന്നിരിപ്പ് | ₹151560037 | ₹22055244 |
| വരവ് | ₹266963000 | ₹290974100 |
| ആകെ | ₹418523037 | ₹313029344 |
| ചെലവ് | ₹417649750 | ₹292464920 |
| നീക്കിയിരിപ്പ് | ₹873287 | ₹20564424 |

ബജറ്റിലെയും പരിഷ്കരിച്ച ബജറ്റിലെയും തുകകൾ താരതമ്യം ചെയ്ത് പരിശോധിക്കുമ്പോൾ അവ യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കിയതല്ലെന്ന് വ്യക്തമാണ്. അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 23.05.2022 | -- | --- |

### 1-3 ഗ്രാന്റ് വിനിയോഗം

| ഇനം | മുന്നിരിപ്പ് ₹ | അലോട്ട്മെന്റ് വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസന ഫണ്ട് – പൊതു വിഭാഗം | | 38175484 | 38175484 | 37791996 | |
| വികസന ഫണ്ട് – എസ്.സി.പി. | | 41336282 | 41336282 | 32223232 | |
| വികസന ഫണ്ട് – റ്റി.എസ്.പി. | | 981600 | 981600 | 745713 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Basic Grant) | | 10320140 | 10320140 | 5223212 | 5096928 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied Grant) | | 24424980 | 24424980 | 8260198 | 16164782 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡ് | | 6687575 | 6687575 | 2167339 | |
| മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം | | 11629628 | 11629628 | 5670097 | |
| പശ്ചിമ ഘട്ട വികസന പദ്ധതി (320100119) (*) | 500000 | | 500000 | 0 | 500000 |
| ഐ.സി.ഡി.എസ്. – (320100121) | 2537573 | 1643889 | 4181462 | 1289268 | 2892194 |
| പട്ടികവർഗ്ഗ വികസനം (320200214) | 69092 | | 69092 | 0 | 69092 |
| ശബരിമല സ്പെഷ്യൽ ഫണ്ട് (320200301) | 535815 | 450000 | 985815 | 0 | 985815 |
| അംഗനവാടി വൈദ്യുതി (320200304) | 22000 | | 22000 | 9999 | 12001 |
| കുടിവെള്ള പദ്ധതി ഗ്രാന്റ് (320200305) | 299719 | 1333233 | 1632952 | 0 | 1632952 |

| | | | | | |
|---|---|---|---|---|---|
| ശുചിത്വ മിഷൻ – (320200322) | 13076166 | 230000 | 13306166 | 889038 | 12417128 |
| കേരളോത്സവം – (320200323) | 22 | | 22 | 0 | 22 |
| പഞ്ചായത്ത് ഇലക്ഷൻ (320200399) | 7988 | | 7988 | 7227 | 761 |
| സമ്പൂർണ്ണ ശുചിത്വം – (320300103) | 81050 | | 81050 | 0 | 81050 |
| ലൈഫ് ഗ്രാന്റ് – (320300199) | 37060603 | 20052861 | 57113464 | 11970000 | 45143464 |
| വിമുക്തി/ODF – (320800199) | 96490 | | 96490 | 0 | 96490 |
| നിർമ്മൽ പുരസ്കാരം – (320900101) | 250000 | | 250000 | 0 | 250000 |

(*) പശ്ചിമഘട്ട വികസന പദ്ധതി പ്രവർത്തനങ്ങൾ അവസാനിച്ചതിനാൽ ശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

വികസന ഫണ്ട് (പൊതുവിഭാഗം, എസ്.സി.പി., ടി.എസ്.പി.) എന്നിവയുടെ ഗഡുക്കൾ അനുവദിച്ച വേളയിൽ അംഗൻവാടി വിഹിതം, ലൈഫ് ലോൺ തിരിച്ചടവ് വിഹിതം എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിരുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, ചെലവിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, ഫണ്ടുകളുടെ വരവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ സ്രോതസ്സും ഇനം തിരിച്ചും ലഭ്യമല്ല.

1-3-2 ലാപ്സായ തുകയുടെ വിശദാംശങ്ങൾ

15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ 80 ശതമാനത്തിൽ കുറയാതെ ചെലവഴിക്കാത്തപക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

(I)

| ഇനം | വരവ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | 2023-24ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായതും 2023-24ൽ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്ന് കുറവ് ചെയ്യുന്നതുമായ തുക ₹ |
|---|---|---|---|---|---|
| വികസന ഫണ്ട് – എസ്.സി.പി. | 41336282- | 32223232- | 9113050- | 8267256- | 845794- |
| വികസന ഫണ്ട് – റ്റി.എസ്.പി. | 981600- | 745713- | 235887- | 196320- | 39567- |

(Ii)

| ഇനം | വരവ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | 2023-24ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സാകുന്ന തുക ₹ |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് – റോഡ് | 6687575- | 2167339- | 4520236- | 1337515- | 3182721- |
| മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം | 11629628- | 5670097- | 5959531- | 2325926- | 3633605- |

1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 191 | 288344238 | 103 | 118009568 | ഇല്ല | 88 | 53.93 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ (എണ്ണം) | നടപ്പാക്കാത്ത പദ്ധതികൾ (എണ്ണം) | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം % |
|---|---|---|---|---|---|---|---|
| 1. | സെക്രട്ടറി | 53 | 25 | 28 | 67135681 | 44418232 | 66.16 |
| 2. | അസി. സെക്രട്ടറി | 15 | 10 | 5 | 22046650 | 6641165 | 30.12 |
| 3. | അസിസ്റ്റന്റ് എൻജിനീയർ | 67 | 43 | 24 | 33162678 | 15255639 | 46 |
| 4. | കൃഷി ഓഫീസർ | 11 | 1 | 10 | 8545000 | 109945 | 1.29 |
| 5. | വെറ്ററിനറി സർജൻ | 13 | 7 | 6 | 6667600 | 2723120 | 40.84 |
| 6. | വി.ഇ.ഒ. | 9 | 5 | 4 | 131544938 | 38135534 | 28.99 |
| 7. | എം. ഒ.- (പി.എച്ച്. സി.) | 3 | 1 | 2 | 1092990 | 403951 | 36.96 |
| 8. | എം.ഒ.- (ആയുർവ്വേദം) | 5 | 4 | 1 | 1303368 | 1200000 | 92.07 |
| 9. | ഐ.സി.ഡി.എസ്. | 7 | 6 | 1 | 14170500 | 8826732 | 62.29 |
| 10. | ഹെഡ്മാസ്റ്റർ | 3 | 1 | 2 | 853833 | 295250 | 34.58 |
| 11. | വി.ഇ.ഒ. | 1 | 0 | 1 | 100000 | 0 | 0 |
| 12. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 0 | 2 | 800000 | 0 | 0 |
| 13. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 0 | 2 | 921000 | 0 | 0 |
| | ആകെ | 191 | 103 | 88 | 288344238 | 118009568 | 40.93 |

## 1-4-1 കൃഷി ഓഫീസറുടെ പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല

പഞ്ചായത്തിലെ അടിസ്ഥാന മേഖലയായ കൃഷി വികസനത്തിനായി 11 പദ്ധതികളാണ് ആവിഷ്കരിച്ചത് എങ്കിലും ഒരെണ്ണം മാത്രമാണ് കൃഷി ഓഫീസർ നിർവ്വഹണം നടത്തിയത്. ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗമായ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സഹായകരമാകുന്ന മേൽ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ കഴിയാത്തത് കൃഷി ഓഫീസറുടെ അപാകതയായി വിലയിരുത്തുന്നു. പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധ കൃഷി അനുബന്ധ മേഖലകളിൽ ഉണ്ടാകാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 6104.4 | 1388726 | 1394830.4 | 1394407 | 423.40 |
| തൊഴിൽ കൂലി | - | 43996255 | 43996255 | 43996255 | |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 15480 | 11 |
| കർഷക തൊഴിലാളി പെൻഷൻ | 1155400 | 74 |
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 239600 | 20 |
| വാർദ്ധക്യകാല പെൻഷൻ | 69833000 | 5190 |
| വികലാംഗ പെൻഷൻ | 6794100 | 470 |
| വിധവ പെൻഷൻ | 28213800 | 1977 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.03.2023-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹81,011/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പ്രസക്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

● ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

● ഭരണസമിതി – സ്റ്റാന്റിംഗ് കമ്മിറ്റി യോഗ തീരുമാനങ്ങൾ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്.

• വളരെ ബൃഹത്തായ തനത് വരുമാന സ്രോതസുകൾ ഗ്രാമപഞ്ചായത്തിന് കൈമുതലായി ഉണ്ട്. എന്നാൽ അവ ഫലപ്രദമായി ചൂഷണം ചെയ്ത് വരുമാനം വർദ്ധിപ്പിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല. പിരിവ് ശതമാനവും വരവിനങ്ങളിലെ വൻ കുടിശ്ശികയും അക്കാര്യം സ്ഥിരീകരിക്കുന്നു (രണ്ട് കോടിയോളമാണ് വരവിനങ്ങളിലെ കുടിശ്ശിക എന്നത് പ്രത്യേകം ശ്രദ്ധിക്കുക).

• പിരിവിലെ പുരോഗതിയില്ലായ്മ കാരണം വികസന ഫണ്ട് അലോട്ട്മെന്റിൽ കുറവ് വരാനുള്ള സാധ്യതയും നില നിൽക്കുന്നു.

• രണ്ട് കോടിയോളമാണ് റവന്യൂ വരവിനങ്ങളിലെ കുടിശ്ശികയെങ്കിലും അതിന് ബി-15(a) ഷെഡ്യൂളിൽ പ്രൊവിഷൻ നൽകിയിട്ടില്ല.

• വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നത് ഫീൽഡ് തലത്തിലെ പ്രവർത്തനങ്ങളുടെ വീഴ്ചയായി വിലയിരുത്തുന്നു.

• ഇ-പേയ്മെന്റിനുള്ള കറന്റ് അക്കൗണ്ടിൽ ഒരു കോടിയോളം സൂക്ഷിച്ചതും ലൈഫ് ഭവന പദ്ധതി വായ്പ അക്കൗണ്ടിൽ ആവശ്യാധിഷ്ഠിതമല്ലാതെ കോടികൾ പിൻവലിച്ച് സൂക്ഷിച്ചതും ആഭ്യന്തര നിയന്ത്രണത്തിലെ ഗുരുതരമായ വീഴ്ചയാണ്.

• ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏൽപ്പിച്ച് നൽകുന്ന രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ഓരോ ദിവസവും നൽകേണ്ട സേവനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നു.

• ഗ്രാമപഞ്ചായത്ത് 01.04.2022-ലാണ് ILGMS സോഫ്റ്റ് വെയറിലൂടെ ഭരണ നിർവ്വഹണം ആരംഭിച്ചത്. എല്ലാ സേവനങ്ങളും ഒരു സോഫ്റ്റ്‌വെയറിൻ കീഴിലേക്ക് മാറുന്നുവെന്ന പ്രഖ്യാപിത ലക്ഷ്യം ഇപ്പോഴും സാധ്യമായിട്ടില്ല. വിവിധ സേവനങ്ങൾ ഏകോപിപ്പിക്കുന്നതിനായി IKM തയ്യാറാക്കിയിട്ടുള്ള 17 സോഫ്റ്റ്‌വെയറുകളിലെ കേവലം 03 എണ്ണം മാത്രമാണ് (സാംഖ്യ, സൂചിക, സിവിൽ രജിസ്ട്രേഷൻ) ഭാഗികമായെങ്കിലും പ്രവർത്തനക്ഷമമായിട്ടുള്ളത്.

• വിവിധ കമ്മിറ്റി മിനിട്സ്, സിവിൽ നിക്ഷേപം, ശമ്പള വസൂലാക്കലുകൾ, വാഹന ഇന്ധന- അറ്റകുറ്റപ്പണി ചെലവുകൾ, തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് ഒടുക്കൽ, കണ്ടിജന്റ് ബില്ലുകൾ വിവരാവകാശ രജിസ്റ്റർ തുടങ്ങിയവ തൃപ്തികരമായി പരിപാലിക്കുന്നുണ്ട്.

എന്നാൽ വായ്പ രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ജവഹർ ഭവന പദ്ധതി ലോൺ വിവരങ്ങൾ പ്രസ്തുത രജിസ്റ്ററിൽ ഉൾപ്പെടുന്നില്ല.

• ജനറൽ-കമ്പ്യൂട്ടർ ഹാർഡ്‌വെയർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

• കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.

• പ്രതിമാസ അക്കൗണ്ടുകൾ പൊരുത്തപ്പെടുത്തൽ പത്രികകൾ സഹിതം കാലികമായി തയ്യാറാക്കി സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ട്.

• പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.

• പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്നും ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലും ബജറ്റ് പ്രൊവിഷന് അനുസൃതവുമായിട്ടാണ് തുകകൾ ചെലവഴിക്കപ്പെടുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല.

• സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

• വാർഷിക പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതിയും കാര്യക്ഷമതയും കൈവരിച്ചിട്ടില്ല. നൂതനമായ അനേകം പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും സബ്സിഡികൾ അനുവദിക്കുന്നതിനും പുതുക്കിയ പദ്ധതി മാർഗ്ഗരേഖകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആവർത്തന ശൈലിയിലുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ആസൂത്രണം ചെയ്യുന്നതിനാണ് ഓഡിറ്റ് വർഷവും ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്.

• പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല. ഉത്പാദനമേഖലയിലെ വളരെ പരിമിതമായ ചെലവ് ശതമാനം ഈ വസ്തുത ശരി വെയ്ക്കുന്നതാണ്.

• വാർഷിക പദ്ധതിക്കായി വകയിരുത്തുന്ന തുകകൾ സമയബന്ധിതവും കാര്യക്ഷമവുമായി വിനിയോഗിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. പദ്ധതി നിർവ്വഹണം വർഷാവസാനത്തേക്ക് കേന്ദ്രീകരിച്ചതിനാൽ ഗണ്യമായ തുക ട്രഷറി നിയന്ത്രണം മൂലം പിൻവലിക്കാൻ കഴിയാതെ വന്നത് പദ്ധതി നിർവ്വഹണത്തിലെ വലിയ പാളിച്ചയായി.

• ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് സർക്കാർ പരിധിയിൽ അധികമായി തുക നൽകിയതും അർഹത സ്ഥിരീകരിക്കുന്ന രേഖകൾ സൂക്ഷിക്കാത്തതും പദ്ധതി നിർവ്വഹണത്തിലെ ഗുരുതര വീഴ്ചകളാണ്.

• സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ടെങ്കിലും മരണപ്പെട്ടവരുടെ പെൻഷൻ യഥാസമയം റദ്ദാക്കാത്തതിനാൽ അനർഹമായി തുക ക്രമീകരിക്കാനുള്ള സാധ്യത സംജാതമായി.

• ഒരിക്കൽ അപേക്ഷ നിരസിക്കപ്പെട്ടവർക്കും പിന്നീട് പെൻഷൻ അനുവദിച്ചതായി കാണുന്നു.

• മരണ രജിസ്ട്രേഷൻ സമയത്ത് ചെയ്യേണ്ടതായ നടപടി ക്രമങ്ങൾ സർക്കാർ നിർദ്ദേശം പാലിച്ച് നടപ്പാക്കുന്നില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ മേൽ പരാമർശിത പാളിച്ചകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-9 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ക്രോഡീകരിക്കുന്നു.

1. ലൈഫ് ഭവന പദ്ധതി വായ്പ കണക്കുകളിൽ അവ്യക്തത

വായ്പ തുകയിൽ അവശേഷിക്കുന്ന ബാധ്യതയായി സെക്യേർഡ് ലോൺ എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ₹18,96,16,029/- ആണെങ്കിലും പ്രീപെയ്ഡ് എക്സ്പെൻസസ് എന്ന ഹെഡിൽ ₹16,17,65,167/- ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. വ്യത്യാസത്തിന് കാരണം വ്യക്തമല്ല.

2. ഗുണഭോക്തൃ വിഹിതം ക്രമീകരിച്ചിട്ടില്ല

ഗുണഭോക്തൃ വിഹിതം ഇനത്തിൽ ബി-4 ഷെഡ്യൂളിൽ ₹6,29,907/- അവശേഷിക്കുന്നുണ്ട്. ലെഡ്ജർ പരിശോധിച്ചതിൽ 2020-21 വർഷം നീക്കിബാക്കിയായിരുന്ന തുകയിൽ ₹22,000/-യുടെ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നതായി കണ്ടു. മുൻ വർഷ നീക്കിബാക്കിയിൽ ₹6,27,662/- നിലവിൽ അവശേഷിക്കുന്നു. തൻവർഷം സ്വീകരിച്ച ഗുണഭോക്തൃ വിഹിതം പൂർണ്ണമായി ചെലവഴിച്ചിട്ടില്ല. ₹2,245/-യുടെ ചെലവ് രേഖപ്പെടുത്താൻ അവശേഷിക്കുന്നു. ഗുണഭോക്തൃ വിഹിതം ചെലവ് വരുമ്പോൾ യഥാസമയത്തും കൃത്യതയോടെയും ചെലവ് രേഖപ്പെടുത്തുന്നതിൽ വീഴ്ച വന്നിരിക്കുന്നു. ആയത് ക്രമീകരിക്കേണ്ടതാണ്.

1-9-1 ബി-4 ഷെഡ്യൂളിൽ 320800199 ഹെഡിലെ നീക്കിയിരിപ്പ് - ക്രമീകരിച്ചിട്ടില്ല

ബി-4 ഷെഡ്യൂളിൽ 320800199 ഹെഡിൽ ₹96,490/- നീക്കിയിരിപ്പായി തുടരുന്നതിന് കാരണം വ്യക്തമല്ല. അടിയന്തിര നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-9-2 SBI-PLAN - 7029, IDCB-PLAN-003 അക്കൗണ്ടുകളിൽ ഗണ്യമായ തുകയുടെ നീക്കിയിരിപ്പ്

എസ്.ബി.ഐ. പ്ലാൻ അക്കൗണ്ടിൽ ₹53,897/-യുടെയും ഐ.ഡി.സി.ബി. പ്ലാൻ അക്കൗണ്ടിൽ ₹79,69,882/- നീക്കിയിരിപ്പുണ്ട്. എന്നാൽ ഇവയുടെ വിശദാംശങ്ങൾ ലഭ്യമല്ല. രണ്ട് അക്കൗണ്ടുകളിലും തൻവർഷം ഇടപാടുകളുണ്ടായിട്ടില്ല. പ്രസ്തുത അക്കൗണ്ടുകൾ അടിയന്തിരമായി പരിശോധിച്ച് ശേഷിക്കുന്ന തുകയുടെ കൃത്യമായ വിശദാംശങ്ങൾ തയ്യാറാക്കേണ്ടതും പ്രത്യേക ഉദ്ദേശ്യ തുകകൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവ ഉപോൽബലകമായ രേഖകളുടെ അടിസ്ഥാനത്തിൽ ഒഴിവാക്കി ബാക്കി തുക സർക്കാരിലേക്ക് ഒടുക്ക് വരുത്തേണ്ടതുമാണ്. പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-9-3 മറ്റ് അപാകതകൾ

സ്ഥാപനത്തിന്റെ വാർഷിക കണക്കുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഐ.ഡി.സി.ബി. തനത് ഫണ്ട്-002, യൂണിയൻ ബാങ്ക് സി.എഫ്.സി. - 35285 എന്നീ അക്കൗണ്ടുകളുടെ രേഖകൾ ലഭ്യമാക്കാത്തതിനാൽ റിക്കൺസിലിയേഷൻ പരിശോധിക്കാനായില്ല.

2) പോസ്റ്റ് ഓഫീസ് അക്കൗണ്ട്, വി.പി.എഫ്.എ. ഓൾഡ് അക്കൗണ്ട് എന്നീ പേരുകളിലുള്ള രണ്ട് അക്കൗണ്ടുകളിൽ യഥാക്രമം ₹10,901/-,₹2,32,453/- എന്നിങ്ങനെ തുകകൾ അവശേഷിക്കുന്നതായി ഷെഡ്യൂൾ ബി-17ൽ ചേർത്തിരിക്കുന്നു. ഇത് സംബന്ധിക്കുന്ന യാതൊരു രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3) വസ്തു നികുതി – ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവും പൊരുത്തപ്പെടുന്നില്ല.

4) വാർഷിക കണക്കുകൾ പ്രകാരം വസ്തു നികുതിയിൽ കുടിശ്ശികയായി ഗണ്യമായ തുക ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക തുകയ്ക്ക് സർക്കാർ നിർദ്ദേശിച്ച നിരക്കിൽ കിട്ടാക്കടം പ്രൊവിഷൻ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് ലഭിക്കാനിടയില്ലാത്ത തുക കിട്ടാനുള്ളതായി കരുതുന്നതിന് ഇടവരുത്തുകയും സ്ഥാപനത്തിന്റെ ധനസ്ഥിതിയെ തെറ്റായി ചിത്രീകരിക്കുവാൻ ഇടവരുത്തുകയും ചെയ്യുന്നു. Income & Expenditure Statementൽ പ്രസ്തുത തുക ഐ-16 ഷെഡ്യൂളിൽ ഉൾപ്പെടുത്താതിരുന്നതിനാൽ Deficit തുകയിൽ വ്യത്യാസം വന്നിരിക്കുന്നു.

5) ബാലൻസ് ഷീറ്റിൽ ഇലക്ഷൻ ഡെപ്പോസിറ്റ് എന്ന ശീർഷകത്തിൽ ₹87,500/- ബാദ്ധ്യതയായി നിലനിൽക്കുന്നു. ഇതിൽ നിശ്ചിത വോട്ട് ലഭിക്കാത്തവരുടെ ഡെപ്പോസിറ്റ് ഉണ്ടെങ്കിൽ ആയത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

6) ബാലൻസ് ഷീറ്റ് - ബി-4 ഷെഡ്യൂളിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം നീക്കിയിരിപ്പായി

ഉൾപ്പെടുത്തിയിട്ടുള്ള തുക മുൻവർഷത്തെ നീക്കിയിരിപ്പ് തുക തന്നെയാണ്. വിശദാംശങ്ങൾ ഇല്ല.

7) പ്രയർ പീരിയഡ് – മിസെല്ലേനിയസ് എക്സ്പെൻസസ്(280800701) എന്ന ഹെഡിൽ ബിൽഡിംഗ്, വാട്ടർവേയ്സ്, പബ്ലിക് ലൈറ്റിംഗ്, വെഹിക്കിൾസ്, ഓഫീസ് ആന്റ് അദർ എക്സ്പെൻസസ്, അദർ ഫിക്സ്ഡ് അസെറ്റ്സ് എന്നീയിനങ്ങളുടെ ഡിപ്രീസിയേഷൻ ഇനത്തിൽ ₹24,74,973/-യുടെ ചെലവ് ചേർത്തിരിക്കുന്നു. ഉപോൽബലക രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായില്ല.

1-10 ഇ-പേയ്മെന്റിന് വേണ്ടിയുള്ള കറന്റ് അക്കൗണ്ടിൽ വൻ തുക നീക്കിയിരിപ്പ്

ഗ്രാമ പഞ്ചായത്ത് ഓൺലൈൻ പെയ്മെന്റ്, യു. പി. ഐ. പേയ്മെന്റ് എന്നിവയിലൂടെയുള്ള പണം സ്വീകരിക്കുന്നതിനായി വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക് ശാഖ | അക്കൗണ്ട് നമ്പർ | ഉപയോഗം | അവശേഷിക്കുന്ന തുക |
|---|---|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, വണ്ടിപ്പെരിയാർ ശാഖ | 37366169934 | ഓൺലൈൻ പെയ്മെന്റ് | ₹9095423.75 (15.03.2023 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം) |

പലിശരഹിതവും ബാങ്ക് ചാർജ്ജ് ഈടാക്കപ്പെടുന്നതുമായ പ്രസ്തുത അക്കൗണ്ടിൽ ഗണ്യമായ തുക നിലനിർത്തുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. അവശേഷിക്കുന്ന തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 ലൈഫ് ഭവന പദ്ധതിയ്ക്കുള്ള സംസ്ഥാന വിഹിതം 2.78 കോടി രൂപ അനധികൃതമായി അക്കൗണ്ടിൽ സൂക്ഷിച്ചു

ലൈഫ് ഭവന പദ്ധതിയുടെ സംസ്ഥാന വിഹിതം സൂക്ഷിക്കുന്ന യൂണിയൻ ബാങ്ക് വണ്ടിപ്പെരിയാർ ശാഖയിലെ അക്കൗണ്ടിൽ (നം. 33385) 31.03.2022-ലെ പാസ്സ്ബുക്ക് രേഖപ്പെടുത്തലുകൾ പ്രകാരം ₹2,78,75,862/- നീക്കിയിരിപ്പുണ്ട്. 2021-22 വർഷത്തെ ധനകാര്യ പത്രികയുടെ ബി-4 പട്ടിക അനുസരിച്ച് 31.03.2022-ലെ നീക്കിയിരിപ്പ് ₹4,51,43,464/-ആയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭബാക്കി | ₹37060603 |
| വരവ് | ₹20052869 |
| ചെലവ് | ₹11970008 |
| നീക്കിബാക്കി | ₹45143464 |

സംസ്ഥാന വിഹിതം ആവശ്യാധിഷ്ഠിതമായി മാത്രം ലഭ്യമാക്കി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് കൈമാറേണ്ടതും മുത നിക്ഷേപമായി യാതൊരു കാരണവശാലും അക്കൗണ്ടിൽ സൂക്ഷിക്കുവാൻ പാടില്ലെന്നുമുള്ള സർക്കാരിന്റെ കർശന നിർദ്ദേശമുണ്ടായിരിക്കെ ഗണ്യമായ തുക അക്കൗണ്ടിൽ സൂക്ഷിച്ച നടപടി ഗുരുതരമായ കൃത്യവിലോപമാണ്. അഞ്ച് കോടിയോളം രൂപ തൻ വർഷം അക്കൗണ്ടിൽ നിലനിർത്തി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത് കേവലം 1.19 കോടി രൂപ മാത്രമാണ്. തൻവർഷത്തെ ആവശ്യത്തിന്റെ ഇരട്ടിയോളം രൂപ (3.7 കോടി രൂപ) പ്രാരംഭ ബാക്കിയുണ്ടായിരിക്കെ അപേക്ഷ സമർപ്പിച്ച് രണ്ട് കോടി രൂപ കൂടി ലഭ്യമാക്കിയത് ക്രമവിരുദ്ധമാണ്.

ഹഡ്കോയിൽ നിന്ന് കെ.യു.ആർ.ഡി.എഫ്.സി. മുഖേന ഗണ്യമായ പലിശ നിരക്കിൽ കടമെടുത്താണ് സർക്കാർ ലൈഫിനുള്ള സംസ്ഥാന വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നത്. കാലവിളംബം കൂടാതെ ഗുണഭോക്താക്കൾക്ക്

കൈമാറുന്നതിന് പകരം പ്രസ്തുത തുക സ്വകാര്യ ബാങ്ക് അക്കൗണ്ടിൽ മുത നിക്ഷേപമാക്കി സൂക്ഷിക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ അനതി വിദൂര ഭാവിയിൽ വേണ്ടി വരുന്ന തുക മാത്രം നില നിർത്തി ബാക്കി തുക അടിയന്തിരമായി സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം ബാധകമായ പിഴപലിശ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ., ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കുന്നതിന് ശുപാർശ ചെയ്യുന്നതാണ്.

1-12 വിവിധ വരവിനങ്ങളിൽ വൻ കുടിശ്ശിക

2021-22 വാർഷിക ധനകാര്യ പത്രികയുടെ ബി-15 പട്ടിക പ്രകാരം 106 ലക്ഷത്തിലധികം രൂപ വിവിധ വരവിനങ്ങളിൽ കുടിശ്ശികയുണ്ട്. എന്നാൽ പ്രസ്തുത സംഖ്യകൾ യഥാർത്ഥ ചിത്രമല്ല പ്രതിഫലിപ്പിക്കുന്നത്. വാടക വരവുകളുടെ ഡിമാന്റ് കണക്കുകളിൽ സംഭവിച്ച പൊരുത്തക്കേടുകൾ ഈ റിപ്പോർട്ടിൽ പ്രത്യേക ഖണ്ഡികകളായി അന്യത്ര ചേർത്തിട്ടുള്ളത് കാണുക. വിവിധ വരവിനങ്ങളുടെ ധനകാര്യ പത്രിക ബി-15 പ്രകാരമുള്ള കുടിശ്ശിക വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | Property Tax On Residential Buildings (Current) | ₹806547 |
| 2 | Property Tax On Residential Buildings (Arrears) | ₹3474671 |
| 3 | Property Tax On Non-Residential Buildings (Current) | ₹693968 |
| 4 | Property Tax On Non-Residential Buildings (Arrears) | ₹3945836 |
| 5 | Rent From Buildings (Current) | ₹426426 |
| 6 | Rent From Buildings (Arrears) | ₹ 1223416 |
| 7 | Bus Stand Reciepts (Arrears) | ₹23400 |
| 8 | Comfort Station Reciepts (Arrears) | ₹ 22500 |
| 9 | Profession Tax Institutions/Professionals/Traders (Arrears) | ₹5630 |
| | Total | ₹10622394 |

കുടിശ്ശികയായി സൂചിപ്പിച്ചിട്ടുള്ള ഗണ്യമായ ശതമാനം തുകയും ഇതിനോടകം കാലഹരണപ്പെട്ടതാണ്. തന്മൂലം നിയമപരമായ നടപടികളിലൂടെ പ്രസ്തുത തുകകൾ വസൂലാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ദീർഘനാളുകളായി നികുതി കുടിശ്ശിക വരുത്തിയ ആളുകൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായി രേഖ സൂക്ഷിച്ചിട്ടില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വരവിനങ്ങളുടെ തൻ വർഷത്തെ ആകെ ഡിമാന്റ് തുകയുടെ കുറഞ്ഞത് 90% എങ്കിലും പിരിച്ചെടുക്കാത്തപക്ഷം തുടർന്നുള്ള വർഷത്തെ വികസന ഫണ്ട് വിഹിതത്തിൽ നിന്ന് (പൊതു വിഭാഗം) പിഴയായി 1% തുക കുറവ് ചെയ്യാൻ സർക്കാർ ധനകാര്യ വകുപ്പിന്റെ 18.10.2022-ലെ ജി.ഒ.(എം.എസ്.)179/2022 നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത് ഏറെ ഗൗരവത്തോടെ കാണേണ്ട വിഷയമാണ്. കുടിശ്ശികയാവുന്ന തുകകൾ കുടിശ്ശിക ഡിമാന്റിൽ ഉൾപ്പെടുത്തി നടപടികൾ അവസാനിപ്പിക്കുന്ന പ്രവണത ഒട്ടും തന്നെ ആശാസ്യമല്ല. നികുതി തുകകൾ കാലികമായി പിരിച്ചെടുക്കാൻ നിഷ്കർഷ ഉണ്ടാകേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

1-13 വാടക ഇളവ് - അപാകതകൾ

വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാടക ഡിമാന്റ് രജിസ്റ്റർ, ഒടുക്ക് വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ ചുവടെ പരാമർശിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

A) ലൈസൻസില്ലാത്ത വ്യാപാരികൾക്കും വാടക ഇളവ് അനുവദിച്ചു

കോവിഡ് പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, ബസ് സ്റ്റാന്റിലെ കടമുറികൾ, മാർക്കറ്റിലെ വിവിധ (ഇറച്ചി, മീൻ) സ്റ്റാളുകൾ, കംഫർട്ട് സ്റ്റേഷൻ എന്നിവയുടെ വാടക 6 മാസത്തേക്ക്

ഇളവ് നൽകുന്നതിന് ഭരണ സമിതി തീരുമാനമെടുത്തിരുന്നു (നം.9/1/തീ.31.03.2022). മേൽ കമ്മിറ്റി തീരുമാനം പ്രകാരം മുഴുവൻ സ്ഥാപനങ്ങൾക്കും (42 എണ്ണം) വാടക ഇളവ് അനുവദിക്കുകയാണ് ചെയ്തത്.

വാടക ഇളവ് അനുവദിച്ചത് അർഹരായവർക്ക് മാത്രമാണോ എന്ന പരിശോധനയുടെ ഭാഗമായി ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 42 കട മുറികളിൽ 4 സ്ഥാപനങ്ങൾ (കെട്ടിട നമ്പറുകൾ 18/78, 18/93, 18/727b, 18/727c) മാത്രമാണ് 2021-22 വർഷത്തിൽ ലൈസൻസ് നേടിയിട്ടുള്ളത് എന്ന് കാണുകയുണ്ടായി. ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച 38 വ്യാപാരികൾക്ക് വാടക ഇളവ് അനുവദിച്ച നടപടി ജനങ്ങളുടെ ആരോഗ്യത്തിനും ജീവനും സംരക്ഷണം നൽകേണ്ട പ്രാദേശിക സർക്കാർ എന്ന നിലയിൽ ഉചിതമായില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (നം.1/തീ. 14.03.2023) മറുപടിയിൽ ലൈസൻസ് പിഴയില്ലാതെ പുതുക്കുന്നതിന് വിവിധ കാലയളവിലെ ഉത്തരവുകളിലൂടെ സർക്കാർ അനുമതി നൽകിയിരുന്നതായി ടി കാലയളവിലെ സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട്. ടി 38 സ്ഥാപനങ്ങൾ 2021-22ലെ ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. മറുപടി പരിഗണിച്ച് തുടർ നടപടികൾ ഒഴിവാക്കുന്നു. ഇത്തരം വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

B) കരാർ ചമയ്ക്കുന്നതിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള 18/725 നമ്പർ കെട്ടിടം സപ്ലൈകോ അസിസ്റ്റന്റ് മാനേജർക്കും 18/735 എക്സൈസ് ഇൻസ്പെക്ടർക്കും കംഫർട്ട് സ്റ്റേഷൻ കുടുംബശ്രീ ചെയർപേഴ്സന്റെ പേരിലും അനുവദിച്ച് നൽകിയിട്ടുണ്ടെങ്കിലും ഇവരുമായി കരാർ ചമച്ചിട്ടില്ല.

കുത്തകക്കാരുമായി ചമച്ച കരാറുകളിൽ വാടക കൃത്യമായി ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന വ്യക്തികളിൽ നിന്നും ഈടാക്കേണ്ട പിഴപ്പലിശ നിരക്ക് അടക്കമുള്ള വ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുമില്ല. കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ പാലിക്കേണ്ട നടപടി ക്രമങ്ങളിലെ വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും അന്യത്ര നൽകിയിട്ടുള്ള പട്ടികയിൽ പരാമർശിക്കുന്ന കുടിശ്ശിക പിരിച്ചെടുക്കേണ്ടതും മുൻ വർഷങ്ങളിൽ ഇത്തരത്തിൽ കുടിശ്ശിക ഉണ്ടെങ്കിൽ അവയും ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-14 വാടക ഇനത്തിൽ ₹4,94,563/- കുടിശ്ശിക

2021-22 വർഷം വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവ വാടകയ്ക്കെടുത്ത താഴെ പറയുന്ന വ്യക്തികൾ വാടക കുടിശ്ശിക വരുത്തുകയോ/അവരിൽ നിന്ന് നികുതി ഈടാക്കാതിരിക്കുകയോ ചെയ്തിട്ടുണ്ട്.

(പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം 6 മാസ ഇളവ് ലഭിച്ച് 6 മാസ വാടക ഒടുക്കിയവരെ ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല).

| ക്രമ നം. | വാടകക്കാരന്റെ പേര് | കെട്ടിട നമ്പർ, റൂം നമ്പർ | അടിസ്ഥാന വാടക ₹ | ആകെ ഈടാക്കിയ തുക ₹ | ആകെ ഈടാക്കേണ്ട അടിസ്ഥാന വാടക ₹(വാടക*12) | ഈടാക്കാനുള്ള തുക ₹ |
|---|---|---|---|---|---|---|
| 1 | അനീഷ് ശിവൻപിള്ള | 18/77 | 12965 | 77182 | 77790 (6 മാസം ഇളവ് അനുവദിച്ചു) | 608 |
| 2 | മധു ശിവാനന്ദൻ | 18/75 | 2754 | 16271 | 16524 (6 മാസം ഇളവ് അനുവദിച്ചു) | 253 |
| 3 | ഇ.എ.സുബൈർ | 18/78 | 3629 | 16366 | 21774 (6 മാസം ഇളവ് അനുവദിച്ചു) | 5408 |
| 4 | കെ.എച്ച്.ഷംസുദ്ദീൻ | 18/70 | 2023 | 11625 | 12138 (6 മാസം ഇളവ് അനുവദിച്ചു) | 513 |

| | | | | | | |
|---|---|---|---|---|---|---|
| 5 | ജീവ | 18/29 | 3959 | 23565 | 23754 (6 മാസം ഇളവ് അനുവദിച്ചു) | 189 |
| 6 | കബീർ | 18/727 | 589 | 2945 | 3534 (6 മാസം ഇളവ് അനുവദിച്ചു) | 589 |
| 7 | ഷെരീഫ്.എം | 18/727A | 589 | 2945 | 3534 (6 മാസം ഇളവ് അനുവദിച്ചു) | 589 |
| 8 | എ.എം.അഷ്റഫ് | നമ്പർ ലഭ്യമല്ല | 4158 | 24948 | 23407 (6 മാസം ഇളവ് അനുവദിച്ചു) | 1541 |
| 9 | സെക്രട്ടറി,കാർഷിക ഗ്രാമവികസന ബാങ്ക് | 18/738 | 12899 | 128990 | 154788 | 25798 |
| 10 | സെക്രട്ടറി ,വനിത സഹകരണ സംഘം. | 718/726 | 8197 | 24201 | 98364 | 74163 |
| 11 | അസിസ്റ്റന്റ് മാനേജർ സപ്ലൈകോ | 18/725 | 7360 | 0 | 88320 | 88320 |
| 12 | എക്സൈസ് ഇൻസ്പെക്ടർ | 18/735 | 22344 | 0 | 268128 | 268128 |
| 13 | ഭാഗ്യലക്ഷ്മി | 18/85 | 1890 | 0 | 11340 (6 മാസം ഇളവ് അനുവദിച്ചു) | 11340 |
| 14 | ഹവ്വ ഉമ്മ | 18/92 | 2265 | 0 | 13590 (6 മാസം ഇളവ് അനുവദിച്ചു) | 13590 |
| 15 | ഏക്കത്തലി | 18/727d | 589 | 0 | 3534 (6 മാസം ഇളവ് അനുവദിച്ചു) | 3534 |
| | | | | | ആകെ | 494563 |

അടിസ്ഥാന വാടക, ജി.എസ്.ടി, പിഴപ്പലിശ എന്നിവ അടക്കം ടി തുകകൾ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-15 ലൈസൻസ് കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

സ്വയം ഭരണാധികാരമുള്ള ഗ്രാമപഞ്ചായത്തിലുൾപ്പെട്ട ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് (1996-ലെ കേരള പഞ്ചായത്ത് രാജ് വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളുടെ അനുബന്ധത്തിലെ ഒന്നാം പട്ടിക പ്രകാരമുള്ള ആവശ്യങ്ങൾക്ക്) സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ ഉപയോഗിക്കുവാൻ പാടില്ലാത്തതാണ് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം (വകുപ്പ് 232). എല്ലാ വർഷവും ഫെബ്രുവരി മാസം അവസാനത്തോടുകൂടി അടുത്ത ഏപ്രിൽ മുതൽ ആരംഭിക്കുന്ന സാമ്പത്തിക വർഷം പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസ് ഈടാക്കി (പട്ടിക II, III & IV) ഗ്രാമപഞ്ചായത്ത് അനുവദിക്കേണ്ടതാണ് (ചട്ടം 10).

എന്നാൽ തൻവർഷം ആകെ അനുവദിച്ചത് 124 ലൈസൻസ് മാത്രമാണ്. സഞ്ചയ പ്രകാരം വാണിജ്യാവശ്യങ്ങൾക്കായി 840 കെട്ടിടങ്ങൾക്ക് നമ്പറുകൾ അനുവദിച്ചിട്ടുണ്ട്. വളരെ കുറഞ്ഞ സ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളൂ എന്ന് പ്രസ്തുത വിവരങ്ങളിൽ നിന്ന് വ്യക്തമാണ്. മാത്രവുമല്ല പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷനിൽ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി നിരീക്ഷിക്കുവാൻ ഉതകുന്ന ഒരു സംവിധാനവുമില്ല. ഗ്രാമ പഞ്ചായത്ത് വാർഡ് അടിസ്ഥാനത്തിൽ അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ലൈസൻസിനായി അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനുമായി മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഉചിത തുടർ നടപടികൾക്കായി ഇക്കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-16 ടെണ്ടർ ഫാറ വില്പന - കണക്ക് സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും വാങ്ങുന്ന ടെണ്ടർ ഫോമുകളുടെ സ്റ്റോക്ക് രജിസ്റ്ററും ആയത് വില്പന നടത്തുന്ന മുറയ്ക്ക് പദ്ധതി മൂല്യത്തിനനുസരിച്ച് തുക ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി പ്രോജക്ട് തിരിച്ചുള്ള സെയിൽ രജിസ്റ്ററും സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതും ടെണ്ടർ ഫോമുകളുടെ ദുരുപയോഗം തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വാർഷിക സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തി സാക്ഷ്യപ്പെടുത്താനും ശ്രദ്ധിക്കേണ്ടതാണ്.

1-17 ഇ-ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28.09.2013-ലെ ജി.ഒ.(എം.എസ്.)318/2013 നമ്പർ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി., ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി. ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫാറം വിലയിനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ഇതുവരെ ലഭിച്ചിട്ടില്ല. 2015-16 വർഷം മുതലുള്ള തുകകൾ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/സി.ഇ./ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് ഈ നിർദ്ദേശം പാലിച്ചിട്ടില്ല. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ടെണ്ടർ ഫീ ഇനത്തിലെ തുക ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള തുകകളുടെ വിശദ വിവരം.

| വർഷം | പ്രോജക്റ്റുകളുടെ എണ്ണം | ഒടുക്കിയ ടെണ്ടർ ഫീ ₹ | തിരികെ ലഭിച്ച തുക ₹ | ബാലൻസ് ₹ |
|---|---|---|---|---|
| 2015-16 | 28 | 44100 | 00 | 44100 |
| 2016-17 | 20 | 38600 | 00 | 38600 |
| 2017-18 | 38 | 79100 | 00 | 79100 |
| 2018-19 | 164 | 149400 | 00 | 149400 |
| 2019-20 | 74 | 138500 | 00 | 138500 |
| 2020-21 | 54 | 74886 | 00 | 74886 |
| 2021-22 | 23 | 34000 | 00 | 34000 |
| 2022-23 | 3 | 4305 | 00 | 4305 |
| ആകെ | 404 | 562891 | 00 | 562891 |

1-18 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - വിതരണ വിവരം ലഭ്യമാക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം (199/2022) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ തുക | ₹600000/- (വികസന ഫണ്ട്, എസ്.സി.പി.) |
| ചെലവ് | ₹596525/- |
| ബിൽ നമ്പർ, തുക | BRN87172/തീ. 26.03.2022, ₹290988/- |
| | BRN31840/തീ. 30.03.2022, ₹305537/- |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം എന്ന പദ്ധതി പ്രകാരം 123 വീതം മേശയും കസേരയും ആർട്കോയിൽ നിന്ന് വാങ്ങി, വിതരണം ചെയ്യുന്നതിന് അതത് സ്കൂൾ മേധാവികൾക്ക് കൈമാറിയിട്ടുണ്ടെങ്കിലും അവ യഥാവിധി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്കൂളിന്റെ പേര് | ഹെഡ്മാസ്റ്ററുടെ കൈപ്പറ്റ് രസീത് പ്രകാരമുള്ള ഫർണിച്ചറുകളുടെ വിവരം | |
|---|---|---|
| | കസേരകളുടെ എണ്ണം | മേശകളുടെ എണ്ണം |
| ഗവ. ട്രൈബൽ ഹൈസ്കൂൾ, വഞ്ചിവയൽ, വള്ളിക്കടവ് | 33 | 33 |
| ഗവ. എൽ.പി.എസ്. വണ്ടിപ്പരിയാർ | 25 | 25 |
| ഫാത്തിമ എച്ച്.എസ്.എസ്., മ്ലാമല | 30 | 30 |
| ഗവ. യു.പി.എസ്. വണ്ടിപ്പെരിയാർ | 0 | 30 |
| ആകെ | 88 | 118 |

പട്ടികയിൽ പരാമർശിയ്ക്കുന്നവയ്ക്ക് പുറമെയുള്ള 35 കസേരകളും 5 മേശകളും പ്രഥമ അദ്ധ്യാപകർ കൈപ്പറ്റിയതിന്റെ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/തീ.15.03.2023) നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച മറുപടിയിൽ, വാങ്ങിയ 123 വീതം കസേരകളും മേശകളും കുട്ടികൾക്ക് വിതരണം ചെയ്തിട്ടുണ്ട് എന്ന് അറിയിച്ചുവെങ്കിലും വിതരണ രേഖകൾ ഹാജരാക്കാൻ കഴിഞ്ഞില്ല. 35 കസേരകളും 5 മേശകളും പ്രഥമ അദ്ധ്യാപകർ കൈപ്പറ്റിയതിന്റെയും വാങ്ങിയ മുഴുവൻ സാധനങ്ങളും വിദ്യാർഥികൾക്ക് വിതരണം ചെയ്തതിന്റെയും വിവരം ലഭ്യമാക്കുന്നത് വരെ ചെലവ് തുകയായ ₹5,96,525/- തടസ്സപ്പെടുത്തുന്നു.

## 1-19 സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിച്ചതിലെ അപാകതകൾ

